-14

എം4/1037/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി : 27/12/2013

## സർക്കുലർ

വിഷയം : സ്കൂളുകളിൽ പഠന യാത്രകൾ നടത്തുന്നത് സംബന്ധിച്ച്

സൂചന :

സ്കൂളുകൾ പഠന യാത്രകൾ സംഘടിപ്പിക്കുന്നതിന് താഴെപറയുന്ന മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പഠനയാത്രകൾ കുട്ടികളുടെ പഠനവുമായി ബന്ധപ്പെടുത്തി മാത്രം നടത്തേണ്ടതാണ്.
2. കുട്ടികൾ പഠിക്കുന്ന ശാസ്ത്രം, ചരിത്രം, സാഹിത്യം എന്നീ മേഖലകളിൽ ഉൾക്കാഴ്ചയുണ്ടാകുന്നതാകണം.
3. പഠന യാത്ര പോകുന്നതിനു മുൻപ് പോകുന്ന സ്ഥലം, സന്ദർശിക്കുന്ന സ്ഥാപനങ്ങൾ, ദിവസം എന്നിവയെക്കുറിച്ച് പ്രധാനഅദ്ധ്യാപകന് അറിവുണ്ടായിരിക്കണം.
4. സ്ഥാപനങ്ങളും സ്ഥലങ്ങളും മറ്റും സന്ദർശിക്കുന്നതിന് മുൻപായി കുട്ടികൾക്ക് അവയെക്കുറിച്ചുള്ള അറിവ് നൽകണം.
5. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു അവർക്ക് പ്രത്യേക ചുമതലകൾ നൽകണം. ഉദാ: 1. യാത്രാവിവരണം തയ്യാറാക്കുന്ന ജോലി ,
   2..കവിത,കഥ, ചിത്രരചന എന്നിവ തയ്യാറാക്കൽ
   3. യാത്രയുടെ സാമ്പത്തിക വിശകലനം
   4. ക്രിയാത്മകമായ യാത്രയുടെ കുറിപ്പ് തയ്യാറാക്കൽ
   5. പാഠപുസ്തകങ്ങളിലെ അറിവുമായി കൂട്ടിയോജിപ്പിക്കൽ
6. യാത്ര പോകുന്നതിന് മുമ്പ് തന്നെ താമസം, ഭക്ഷണം സന്ദർശന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നേരത്തെ ബുക്ക് ചെയ്തിരിക്കണം.
6. 20 കുട്ടികൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ മേൽ നോട്ടം ആവശ്യമാണ്. പെൺകുട്ടികൾ പ്രത്യേക വനിത അദ്ധ്യാപകർ ഉണ്ടായിരിക്കണം. പെൺകുട്ടികൾ പ്രത്യേക വനിത അദ്ധ്യാപകർ ഉണ്ടായിരിക്കണം
7. രക്ഷ കർത്താക്കളുടെ സമ്മതപത്രം വാങ്ങണം.അവരുടെ മൊബൈൽ നമ്പരുകൾ വാങ്ങുകയും ചെയ്യണം

8. അപകടകരമായ ഇടങ്ങളിൽ കുട്ടികളെ പഠന യാത്രയ്ക്ക് കൊണ്ടുപോകരുത്

9. പഠനയാത്രയ്ക്കിടയിൽ first Aid അത്യാവശ്യമരുന്നുകൾ എന്നിവ കരുതിയിരിക്കണം

10. പഠനയാത്രയുടെ മുഴുവൻ കണക്കുകളും യാത്രചെയ്ത കുട്ടികളെയും അദ്ധ്യാപകരെയും വിളിച്ച് ചേർത്ത് അവതരിപ്പിക്കുകയും സമ്മതം വാങ്ങുകയും ചെയ്യണം.

11. കുട്ടികളുടെ .യാത്രാകുറിപ്പുകൾ, ചിത്രരചനകൾ, കഥാ കവിത സാമ്പത്തിക വിശകലനം, വിമർശന കുറിപ്പുകൾ സ്കൂൾ മാഗസീനിൽ പ്രസിദ്ധീകരിക്കണം.

12. പഠന യാത്രകൾ അവധി ദിവസങ്ങളിൽ മാത്രം നടത്തേണ്ടതാണ്

13. പഠനയാത്രയ്ക്കു പോകുന്ന കുട്ടികൾ 1-2% വരെയാണ് ഈ കുട്ടികൾക്ക് വേണ്ടി റഗുലർ ക്ലസ്സുകൾ നഷ്ടപ്പെടുത്തുന്ന രീതി അനുവദിക്കുന്നതല്ല.

14. യാത്രാവേളകളിൽ അദ്ധ്യാപകർ പുകവലിക്കുന്നതും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത്. ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമായിക്കണ്ട് ശിക്ഷണ നടപടികൾക്ക് വിധേയമാക്കാവുന്നതാണ്.

15. കുട്ടികളും ഇത്തരം ലഹരി പദാർത്ഥങ്ങൾഉപയോഗിക്കാനുള്ള അവസരം ഇല്ലാതാക്കേണ്ടതാണ്. ഉപയോഗിച്ചാൽ ഗുരുതരമായ അച്ചടക്ക ലംഘനത്തിന് വിധേയമാക്കുന്നതായിരിക്കും.

പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ
JAYADEVI.C.
Deputy Director (Employment)
Directorate of Public Instruction
Thiruvananthapuram-14

<u>സ്വീകർത്താവ്</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും(ആവശ്യമായ നടപടികൾക്ക്)